


# മാമ്പ ഈസ്റ്റ് എൽ പി സ്കൂൾ

പി.ഒ മാമ്പ 670611

melpschool@gmail.com

അഞ്ചരക്കണ്ടി പഞ്ചായത്ത്

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

കണ്ണൂർ സൗത്ത് സബ്ജില്ലയിലെ അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്തിൽ 1917 മുതൽ പ്രവർത്തിച്ചു വരുന്ന വിദ്യാലയമാണ് മാമ്പ ഈസ്റ്റ് എൽ. പി. സ്കൂൾ. ഈ വിദ്യാലയം സ്ഥാപിച്ചത് മാമ്പയിലെ പൗരപ്രമുഖനും വിദ്യാഭ്യാസ പ്രവർത്തകനുമായിരുന്ന സി.കെ രാമൻ നമ്പ്യാരാണ്. വിദ്യാഭ്യാസ കാലഘട്ടത്തിൽ നാട്ടിലെ സാധാരണക്കാർക്ക് പ്രാഥമിക വിദ്യാഭ്യാസ സൗകര്യം ഒരുക്കിക്കൊടുത്തത്. ഈ പ്രദേശത്തെ സംബന്ധിച്ചിടത്തോളം ഒരു വലിയ കാര്യമായിരുന്നു. വിദ്യാലയം ആദ്യം പ്രവർത്തനം ആരംഭിച്ചത് വലിയ വീട്ടിൽ പറമ്പിൽ ആയിരുന്നു. വർഷങ്ങൾക്ക് ശേഷം കൂടുതൽ യാത്രാ സൗകര്യമുള്ള എഞ്ഞാൽ എന്ന സ്ഥലത്ത് മാറ്റി സ്ഥാപിക്കുകയായിരുന്നു. ഈ വിദ്യാലയത്തിലെ പൂർവ്വ കാല അധ്യാപകനായിരുന്ന ടി. വി. കുഞ്ഞിക്കണ്ണൻ നമ്പ്യാർ. ടി. എച്ച്. പാറുട്ടീച്ചർ. ടി. വി. കോരൻ മാസ്റ്റർ. പി. വി. കല്യാണി ടീച്ചർ. കെ. ഇ. മീനാക്ഷി അമ്മ ടീച്ചർ. എം. വാസു മാസ്റ്റർ. പി. വി. ദയ ടീച്ചർ. കെ. എം. രാജമ്മ ടീച്ചർ. കെ. കെ. ജയരാജൻ മാസ്റ്റർ. കെ. ഇ രത്നവല്ലി ടീച്ചർ. ഉഷ ടീച്ചർ ലീനടീച്ചർ. സഫിയ ടീച്ചർ എന്നിവർ ഈ വിദ്യാലയത്തിന്റെ ഉന്നതിക്ക് പൂർവ്വ അധ്യാപകർക്ക് വഹിച്ച പങ്ക് സ്തുത്യർഹമാണ്.

ഹെഡ്മാസ്റ്റർ. സി. സന്തോഷ്. ടി.കെ. ഷാഹിർ. വിജേഷ്. എം. എം. അനുരാജ് മാസ്റ്റർ. സാന്ത്വന ടീച്ചർ. കമലത്ത് ടീച്ചർ. നിഷ ടീച്ചർ. ഷർനാ ടീച്ചർ എന്നിവർ ജോലി ചെയ്തു വരുന്നു.

പാഠ്യപഠ്യേതര പ്രവർത്തനങ്ങളിൽ പ്രകടന നിലവാരം സബ്ജില്ലയിൽ മുന്നോട്ട് നിൽക്കുന്നു. എന്നുള്ളത് ഏറെ അഭിമാനകരമാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ആരംഭിച്ച പ്രീപ്രൈമറി ഇംഗ്ലീഷ് മീഡിയം ക്ലാസുകൾ രക്ഷിതാക്കളുടെ പ്രതീക്ഷയ്ക്ക് അനുസരിച്ച് ഉയർത്തിക്കൊണ്ടുവരാൻ സാധിച്ചു എന്നത് ചാരിതാർത്ഥ്യ ജനകമാണ്

ഒന്നു മുതൽ അഞ്ചുവരെ ക്ലാസുകളിൽ 60 ആൺകുട്ടികളും, 51 പെൺകുട്ടികുട്ടികളും കൂടി ആകെ 111 കുട്ടികൾ പഠനം നടത്തുന്നുണ്ട്. സ്കൂളിന് സ്വന്തമായി വാഹന സൗകര്യം ഉള്ളത് കുട്ടികളെ സ്കൂളിൽ എത്തിക്കുന്നതിന് ഏറെ സഹായകരമാണ്. പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറയുന്ന സന്ദർഭങ്ങളിൽ പോലും മികവുറ്റ പ്രവർത്തനങ്ങളിലൂടെ. കുട്ടികളുടെ എണ്ണം കുറയാതെ മുന്നോട്ട് പോകുവാൻ നമ്മുടെ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്. സബ്ജില്ലാ കലോത്സവത്തിൽ അറബിക് വിഭാഗത്തിലും ജനറൽ വിഭാഗത്തിലും ഓവറോൾ നേടാനും സാധിച്ചിട്ടുണ്ട്. മാതൃഭൂമി, നൻമ. മലയാളമനോരമ നല്ല പാഠം എന്നിവയുടെ അംഗീകാരവും സ്കൂളിന് ലഭിച്ചിട്ടുണ്ട്.

മികച്ച ഹരിതവിദ്യാലയ പുരസ്കാരവും നേടാൻ നമ്മുടെ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്. ജില്ലയിൽ തന്നെ മികച്ച കബ്ബ് ബുൾ ബുൾ യൂണിറ്റ് ഇവിടെ പ്രവർത്തിച്ചു വരുന്നു.

വിദ്യാലയത്തിൽ ശക്തമായ അധ്യാപക രക്ഷാകർതൃ സമിതിയുടെ പ്രവർത്തനം എടുത്തു പറയേണ്ടതാണ്. [illegible] പി.ടി.എ. പ്രസിഡണ്ടും [illegible] MPTA പ്രസിഡണ്ടും സേവനം അനുഷ്ഠിച്ചു വരുന്നു.

## മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ ഒറ്റ നോട്ടത്തിൽ

| അക്കാദമികം | ഭൗതീകം | സാമൂഹികം |
|---|---|---|
| ❖ ഇംഗ്ലീഷ് പഠന പരിപോഷണം<br>❖ ഭാഷാ ശേഷി വികസനം<br>❖ നാടകകളരി<br>❖ പോഷകാഹാര പരിപാടി<br>❖ കായിക പഠനം<br>❖ സ്കൂൾ ടി.വി, റേഡിയോ ചാനൽ<br>❖ ഗണിത ശേഷി വികസനം<br>❖ അറബിക്ക് ഹിന്ദി പഠന ശേഷി വികസനം<br>❖ ലൈബ്രറി ശാക്തീകരണം<br>❖ ഐ.ടി പരിശീലനം<br>❖ ശാസ്ത്ര പോഷണ പരിപാടികൾ<br>❖ ക്ലാസ് പി.ടി.എ സജ്ജീവമാക്കൽ<br>❖ രചനാ ശില്പശാലകൾ<br>❖ ബോധവൽക്കരണ ക്യാമ്പുകൾ<br>❖ സ്കൂൾ പത്രമാസിക<br>❖ സ്കൂൾ ചാരിറ്റബിൾ ക്ലബ്ബ്<br>❖ വിവിധ പരീക്ഷാ പരിശീലനങ്ങൾ അവധി ദിവസങ്ങളിൽ | ❖ ചുറ്റുമതിൽ,ഗേറ്റ്<br>❖ കളിസ്ഥലം, പാർക്ക്<br>❖ സ്റ്റാഫ് മുറി<br>❖ കമ്പ്യൂട്ടർ റൂം<br>❖ ഡൈനിംഗ് ഹാൾ<br>❖ ഔഷധ തോട്ട ശാക്തീകരണം<br>❖ എന്റെ വീട്ടിലും ഒരു കൃഷിതോട്ടം<br>❖ ആകർഷകമായ ക്ലാസ് മുറികൾ | ❖ പി.ടി.എ ശാക്തീകരണം<br>❖ CPTA ശക്തമാക്കൽ<br>❖ ഭവന സന്ദർശനം<br>❖ സമൂഹത്തിലെ വിവിധ ക്ലബ്ബുകൾ, സംഘടനകൾ, പൂർവ്വ വിദ്യാർത്ഥികൾ, അധ്യാപകർ സഹകരണ സ്ഥാപനങ്ങൾ, എന്നിവയുടെ സേവനം ഉറപ്പു വരുത്താൻ<br>❖ SMCകാര്യക്ഷമമാക്കൽ |

# പദ്ധതി വിശദാംശങ്ങൾ

## പ്രവർത്തനം – 1

### കായിക പരിപാടികൾ

### മേഖല/ ഉപമേഖല/അക്കാദമികം/കായിക പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | വൈകുന്നേരം കായിക പരിശീലനങ്ങൾ, കുട്ടികൾക്ക് ലഘു ഭക്ഷണ വിതരണം, | ആഴ്ചയിൽ രണ്ട് ദിവസം | അധ്യാപകർ, പി.ടി.എ | 5000 സ്പോൺസർ |
| സമ്മാന വിതരണം | വിവിധ കായിക മത്സരങ്ങൾ | മത്സരങ്ങൾക്ക് ശേഷം | അധ്യാപകർ, പി.ടി.എ | |

# പ്രവർത്തനം - 2

## മെഡിക്കൽ ക്യാമ്പ്

### മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള കുട്ടികളെ രൂപപ്പെടുത്തൽ | കുട്ടികൾക്കും രക്ഷിതാക്കൾക്കും സമഗ്രമായ വൈദ്യപരിശോധന നടത്തലും ആരോഗ്യബോധവൽക്കരണ ക്ലാസും | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ് മിസ്ട്രസ്സ്, പി.ടി.എ | 5000 സ്പോൺസർ |

# പ്രവർത്തനം -3

## പോഷകാഹാര പരിപാടി

## മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള കുട്ടികളെ വാർത്തെടുക്കൽ | പോഷക സമൃദ്ധമായ ഭക്ഷണം ഒരുക്കൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | ഉച്ച ഭക്ഷണം ചുമതലയുള്ള ടീച്ചർ, എച്ച്.എം,പി.ടി .എ | 10,000/- സ്പോൺസർ |

# പ്രവർത്തനം -4

## കണ്ടെത്തൽ

### മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയത്തിന്റെ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും കൂടുതൽ മികവുറ്റതാക്കുന്നതിനും ഉപകരിക്കുന്ന ഗവേഷണങ്ങൾ | പൂർവ്വ വിദ്യാർത്ഥികളുടെ ഡാറ്റ ബുക്ക് തയ്യാറാക്കൽ സർവെ എടുക്കൽ | വർഷത്തിൽ | SRG PTA MPTA SSG | |

# പ്രവർത്തനം –5

## അവധി ദിനങ്ങളിലെ പാഠശാല

## മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ❖ പിന്നാക്കക്കാരായ കുട്ടികൾക്ക് വേണ്ടിയുള്ള അവധി ദിന പരിശീലനം<br>❖ വിവിധ പരീക്ഷകൾക്ക് വേണ്ടിയുള്ള (Gk)പരിശീലന പരിപാടി | അക്ഷര പുലരി, Gk ചിഹ്നങ്ങൾ, ഉറപ്പിക്കൽ, ലൗ ഇംഗ്ലീഷ് | 1 വർഷം | PTA<br>SRG | |

# പ്രവർത്തനം -6

## കലാപഠനം

### മേഖല : അക്കാദമികം കലാ വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാവാസനയെ പരിപോഷിപ്പിക്കൽ | നൃത്തം, ചെണ്ട, സംഗീതം, കരാട്ടെ പരിശീലനങ്ങൾ ചിത്ര പരിശീലനങ്ങൾ | അവധി ദിവസങ്ങളിൽ | ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ് പി.ടി.എ. അധ്യാപകർ | |

# പ്രവർത്തനം –7

## പഠന യാത്രകൾ നടത്തൽ

## മേഖല/ ഉപമേഖല/അക്കാദമികം/സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രത്യക്ഷമായ അനുഭവങ്ങളിലൂടെ പാഠ്യവസ്തുതകളെ കുറിച്ച് നേരിട്ടും ആഴത്തിലും മനസ്സിലാക്കിയെടുക്കുന്നതിന് | സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | 3 മാസത്തിൽ ഒന്നു വീതം | SRG<br>PTA | 5000<br>സ്പോൺസർ |

# പ്രവർത്തനം –7

## പഠന യാത്രകൾ നടത്തൽ

## മേഖല/ ഉപമേഖല/അക്കാദമികം/സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രത്യക്ഷമായ അനുഭവങ്ങളിലൂടെ പാഠ്യവസ്തുതകളെ കുറിച്ച് നേരിട്ടും ആഴത്തിലും മനസ്സിലാക്കിയെടുക്കുന്നതിന് | സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | 3 മാസത്തിൽ ഒന്നു വീതം | SRG<br>PTA | 5000<br>സ്പോൺസർ |

# പ്രവർത്തനം -8

## ഇംഗ്ലീഷ് തീയേറ്റർ

**മേഖല : അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ രസകരമാക്കൽ | (ലൗ ഇംഗ്ലീഷ്) ഇംഗ്ലീഷ് ഭാഷ അനായാസമായി കൈകാര്യം ചെയ്യുന്നതിന് വേണ്ട പ്രവർത്തനങ്ങൾ (സ്ക്രിപ്റ്റ്, സംഭാഷണം, നാടകം) നാടകരചനകൾ, കുട്ടികളുടെ ഉൽപ്പന്നങ്ങളുടെ പ്രദർശനം | പ്രതിമാസ പരിപാടികൾ | ഹെഡ് മിസ്ട്രസ്സ്, ഇംഗ്ലീഷ് അധ്യാപകൻ | |

# പ്രവർത്തനം -9

## സ്കൂൾ റേഡിയോ, ടി.വി.ചാനൽ

### മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ പരിപാടികൾ കുട്ടികൾക്ക് അവതരണ മികവ് കൈവരിക്കാൻ വേണ്ടി | വിദ്യാലയത്തിൽ ക്രമീകരിക്കുന്ന റേഡിയോ സ്റ്റേഷനുകൾ എന്നിവയിലൂടെ കുട്ടികളുടെ വിവിധ പരിപാടികൾ സംപ്രേഷണം ചെയ്യുന്നു.യൂടൂബിൽ സീകൂളിന് വേണ്ടി ഒരു ചാനൽ തുടങ്ങുന്നു.. ഔദ്യോഗിക അറിയിപ്പുകൾ കുട്ടികൾ തന്നെ അറിയിക്കുന്നു. | എല്ലാ ദിവസവും ഒഴിവു സമയം | SRG HM | |

# പ്രവർത്തനം -10

## ഗണിത മധുരം

**മേഖല : അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | ഗണിതലാബ് സജ്ജീകരിക്കൽ<br>ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം<br>ഗണിത ക്വിസ് | പ്രതിമാസം വർഷത്തിൽ | ഗണിത അധ്യാപകൻ | |

# പ്രവർത്തനം -11

## ശാസ്ത്രപഠനം രസകരമാക്കൽ

**മേഖല : അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്രത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലന ക്ലാസുകൾ, പ്രവർത്തനങ്ങൾ,സയൻസ് കോർണർ | പ്രതിമാസം | ഹെഡ്മിസ്ട്രസ്സ്, ശാസ്ത്ര അധ്യാപിക | |

# പ്രവർത്തനം –12

## ലൈബ്രറി ശാക്തീകരണം

### മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന പരിപൂർണ്ണമായ പരിപോഷണം | ലൈബ്രറിയുടെ നവീകരണം ക്ലാസ്സ് ടീച്ചറും കുട്ടികളും കുടുംബാംഗങ്ങളെയും പ്രവർത്തനത്തിൽ പങ്കാളികളാക്കാം (പിറന്നാൾ പുസ്തകം) | ഒരു വർഷം മുഴുവനും | ക്ലാസ് ടീച്ചർ,ക്ലാസ് ലീഡർ | |

# പ്രവർത്തനം -13

## ഐ.ടി പരിശീലനം

**മേഖല : അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുഴുവൻ കുട്ടികൾക്കും ഐ.ടി വിദ്യാഭ്യാസം ഉറപ്പു വരുത്തൽ | വിദ്യാലയത്തിൽ ഒരു സ്മാർട്ട് ക്ലാസ് റൂം എല്ലാ ക്ലാസിലും ഓരോ കംപ്യൂട്ടർ സാക്ഷരത ഉറപ്പു നൽകൽ | ഒരു വർഷം മുഴുവനും | ഐടി ടീച്ചർ, ഹെഡ്മിസ്ട്രസ്സ് | |

# പ്രവർത്തനം –14

## ക്ലാസ് പിടിഎ സജ്ജീവമാക്കൽ

**മേഖല : അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അധ്യാപക രക്ഷാ കർതൃ ബന്ധം ശക്തമാക്കുക | കുട്ടികളുടെ പഠന നിലവാരം ശക്തമാക്കുക. ഇക്ഷിതാക്കൾക്ക് വേണ്ടുന്ന നിർദ്ദേശം നൽകുക. പഠനം രക്ഷിതാക്കളെ ഉൾപ്പെടുത്തി ചെയ്യുന്നു. | എല്ലാ മാസങ്ങളിലും | വിദ്യാ രംഗം സാഹിത്യവേദി | ക്ലാസ് ടീച്ചർ, ഹെഡ്മിസ്ട്രസ്സ്, |

# പ്രവർത്തനം -15

## രചനാ ശിൽപ്പശാലങ്ങൾ

## മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ വിവിധ സൃഷ്ട്ടികൾ കണ്ടെത്തുകയും പരിശോധിക്കുകയും മികവുറ്റത് തെരഞ്ഞെടുക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യൽ | കുട്ടികളുടെ രചനാ മികവുകൾ (കഥ, കവിത, കാർട്ടൂൺ, കഥാപ്രസംഗം)ബന്ധപ്പെട്ട ശിൽപ്പശാലകൾ വിദ്യാലയത്തിൽ സംഘടിപ്പിക്കുന്നു. | വർഷത്തിൽ | വിദ്യാരംഗം സാഹിത്യവേദി | |

# പ്രവർത്തനം - 16

## അക്കാദമികം

## മേഖല- ഭാഷ അറബിക്ക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അറബി പഠിക്കാനും ഒഴുക്കോടെ സംസാരിക്കാനും കഴിവ് കുട്ടികളിൽ വികസിപ്പിക്കുക | മുന്നറിവ് പരിശോധിക്കൽ അക്ഷരം ഉറപ്പിക്കൽ പാചകങ്ങൾ നിർമ്മിക്കൽ, ഭാഷാ കളികൾ | 2 മാസം | അറബിക്ക് ടീച്ചർ | |
| കരിക്കുലം ലക്ഷ്യം വയ്ക്കുന്ന അറബിഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക. | വായനാ മത്സരം ക്ലാസ്സ് ലൈബ്രറി വായനാക്കുറിപ്പുകൾ അറബിക്ക്, പത്രവായന റേഡിയോ | 6 മാസം | | |
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ്സിൽ | എഴുത്തുക്കൂട്ടം പതിപ്പുകളുടെ നിർമ്മാണം, ചുമർ പത്രങ്ങൾ പോസ്റ്ററുകൾ, ഭാഷാകളികൾ | 24 മാസം | | |
| ഭാഷപഠനത്തിൽ ഐ.ടിയുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക | ഭാഷാഖലികൾ, അറബിക്ക് അസംബ്ലി, ഭാഷാപ്രദർശനം ഭാഷാക്യാമ്പ് | 12 മാസം | | |
| കഴിവുകൾ ഭാഷാ പഠനത്തിലൂടെ വികസിപ്പിക്കുക. | ലാംഗ്വേജ് ലാബ് സ്മാർട്ട് ക്ലാസ്റൂം, അറബി ഭാഷാസാഹിത്യ ശേഖരങ്ങൾ, ചിത്രീകരണങ്ങൾ,സിനിമാ ആനിമേഷ | | 36 മാസം | അറബിക്ക് ടീച്ചർ |

# പ്രവർത്തനം - 17

## രാഷ്ട്രഭാഷ- ശ്രേഷ്ഠഭാഷ

## മേഖല- അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദിപഠനം കാര്യക്ഷമമാക്കുക | ഹിന്ദിയിലെ വിവിധ പതിപ്പുകൾ തയ്യാറാക്കൽ,നാടകീകരണം, ഹിന്ദി ബുള്ളറ്റിൻ പ്രസിദ്ധീകരിക്കൽ | മാസം ഒന്നു വീതം | ഹിന്ദി ക്ലബ്ബ് ഹിന്ദി അധ്യാപകൻ | |
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതസാഹചര്യം ക്ലാസ് റൂമിൽ ഒരുക്കുന്നു. | പതിപ്പിലൂടെ നിർമ്മാണം , ചുമർ പത്രങ്ങൾ, പോസ്റ്ററുകൾ, ഭാഷാ കളികൾ, ഹിന്ദി അസംബ്ലി | 1 വർഷം | ഹിന്ദി ക്ലബ്ബ് ഹിന്ദി ടീച്ചർ | |
| ഭാഷാപഠനത്തിൽ ഐ.ടിയുടെ സാധ്യത പ്രയോജനപ്പെടുത്താനും സർഗ്ഗ കഴിവുകൾ ഭാഷാ പഠനത്തിലൂടെ വികസിപ്പിക്കുക | ഹിന്ദി ഭാഷാ പ്രദർഷനം ചിത്രീകരണങ്ങൾ, സിനിമ, ആനിമേഷൻ,സാഹിത്യശേഖരങ്ങൾ | 2 വർഷം | ഹിന്ദി ക്ലബ്ബ് ഹിന്ദി ടീച്ചർ | |

# പ്രവർത്തനം –18

## ചുറ്റുമതിൽ

**മേഖല : ഭൗതീകം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സുരക്ഷിതമായി സ്കൂളിനെ സംരക്ഷിക്കൽ | ചുറ്റുമതിൽ ഇല്ലാത്ത സ്ഥലങ്ങളിൽ ചുറ്റുമതിൽ നിർമ്മിക്കുന്നു. ഗേറ്റ് വയ്ക്കുന്ന ചുറ്റു മതിൽ ചിത്രം വരച്ച് ആകർഷകമാക്കുന്നു. | ഒരു വർഷം | പിടിഎ, മാനേജ്മെന്റ് പൂർവ്വ വിദ്യാർത്ഥികൾ | രണ്ട് ലക്ഷം |

# പ്രവർത്തനം -19

## കളിസ്ഥലം ,പാർക്ക്

**മേഖല : ഭൗതീകം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യ-കായിക വിനോദോപാധികൾ ഒരുക്കൽ. കളിസ്ഥലം കണ്ടെത്തൽ | സ്കൂൾ കെട്ടിടത്തിന്റെ മുറ്റത്ത് കിഡ്സ് പാർക്ക് ഒരുക്കൽ. പുതിയ കളിസ്ഥലം കണ്ടെത്തൽ | 3 വർഷം | പിടിഎ, മാനേജ്മെന്റ് പൂർവ്വ വിദ്യാർത്ഥി സംഘടന | 10 ലക്ഷം |

# പ്രവർത്തനം -20

## സ്റ്റാഫ്മുറി

**മേഖല : ഭൗതീകം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സൗകര്യപ്രദമായ സ്റ്റാഫ് ഒരുക്കൽ | വിദ്യാലയത്തിലെ മുഴുവൻ ടീച്ചർക്കും അലമാരയും മേശയും ഉണ്ടാക്കുന്നു. | 2 വർഷം | മാനേജ്മെന്റ് ടീച്ചർമാർ | 1ലക്ഷം |

# പ്രവർത്തനം -21

## ഡൈനിംഗ്ഹാൾ

മേഖല : ഭൗതീകം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സൗകര്യപ്രദമായും ആരോഗ്യപ്രദമായ രീതിയിൽ കുട്ടികൾക്ക് ഭക്ഷണം കഴിക്കാനുള്ള ഇടം ഉണ്ടാക്കൽ | സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ രീതിയിൽ ഡൈനിംഗ് ഹാൾ ഒരുക്കുന്നു.മേൽകൂരയടക്കം | 2 വർഷം | പിടിഎ, മാനേജ്മെന്റ് പൂർവ്വ വിദ്യാർത്ഥി സംഘടന | 2 ലക്ഷം |

# പ്രവർത്തനം -22

## ഔഷധത്തോട്ട ശാക്തീകരണം

**മേഖല : ഭൗതീകം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കൃഷിയോടുള്ള താൽപര്യം വർദ്ധിപ്പിക്കൽ | നിലവിവ്വുള്ള ഔഷധത്തോട്ടം വിപുലീകരിക്കുകയും പൂന്തോട്ടം വെച്ചു പിടിപ്പിക്കുകയുംസ്കൂൾ അന്തരീക്ഷം കൂടുതൽ ആകർഷകമാകുന്നു. | 1 വർഷം | ഹെഡ്മിസ്ട്രസ്സ്, സ്റ്റാഫ് | 20000 |

# പ്രവർത്തനം -23

## എന്റെ വീട്ടിലും സ്കൂളിലും കൃഷിത്തോട്ടം

### മേഖല : ഭൗതീകം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കൃഷിയോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കുക ഉച്ചഭക്ഷണത്തിന് വേണ്ടിയുള്ള പച്ചക്കറികൾ വീട്ടിലും സ്കൂളിലും സ്വയം ഉൽപ്പാദിപ്പിക്കുക | നിലവിൽ നടത്തിവരുന്ന പച്ചക്കറിത്തോട്ടം വിപുലമാക്കുകയും സ്കൂളിലെ പരിസരത്തുള്ള സന്നദ്ധ സംഘടനകളുമായി ബന്ധപ്പെടുത്തി സ്കൂളിലെ കാർഷിക ഗ്രൂപ്പുകൾക്ക് വിത്ത് വിതരണം നടത്തി കൃഷിരീതി വിലയിരുത്തി മെച്ചപ്പെട്ടവയ്ക്ക് സമ്മാന വിതരണം ചെയ്യുന്നു. | 6 മാസം | പിടിഎ സന്നദ്ധസംഘടനകൾ | 3000 (സന്നദ്ധസംഘടനകൾ) |

## പ്രവർത്തനം –24

## ആകർഷകമായ ക്ലാസ്സ് മുറികൾ

**മേഖല : ഭൗതീകം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാ ലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ അന്തരീക്ഷം ആകർഷകമാക്കൽ | സ്കൂളിന് ചുറ്റുമതിൽ,ചുമരുകൾ,ക്ലാസ്സ് മുറിയുടെ ചുമരുകൾ,പാഠ്യ പാഠ്യേതര വിഷയങ്ങളുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ ഉൾപ്പെടുത്തികൊണ്ട് ചിത്രീകരണം നടത്തുക | 1 വർ ഷം | പിടിഎ, മാനേജ് മെന്റ് ഹെഡ്മി സ്ട്രസ്സ്, സ്റ്റാഫ | 1ലക്ഷം (മാനേജ്മെന്റ്) |

# പ്രവർത്തനം -25

## പി.ടി.എ ശാക്തീകരണം

## മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പി.ടി.എ വിപുലീകരണം ഭവന സന്ദർശനം | നിലവിലുള്ള പി.ടി.എ വിപുലീകരിക്കുകയും പരമാവധി സാമൂഹിക പങ്കാളിത്തം ഉൾപ്പെടുത്തുകയും സ്കൂളിലെ എല്ലാ വിധ പ്രവർത്തനങ്ങൾക്കും വേണ്ടി പിടിഎ പരമാവധി ഉപയോഗപ്പെടുത്തുകയും ചെയ്യുന്ന പി.ടി.എ യുടെ സഹായത്തോടുകൂടി വിദ്യാർത്ഥികളുടെ ഭവന സന്ദർശനം നടത്തുന്നു. | 6 മാസം | പിടിഎ, ഹെഡ്മിസ്ട്രസ്സ്, | |

# പ്രവർത്തനം -26

## സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തൽ

### മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയത്തിന്റെ പ്രവർത്തനങ്ങളിൽ സാമൂഹ്യ പങ്കാളിത്തം ഉറപ്പുവരുത്തൽ | സമൂഹത്തിലെ വിവിധ ക്ലബ്ബുകൾ, സംഘടനകൾ ,പൂർവ്വ വിദ്യാർത്ഥികൾ അധ്യാപകർ സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ സേവനങ്ങൾ ഉറപ്പുവരുത്തൽ എസ്.എം. കാര്യക്ഷമമാക്കൽ | 1 വർഷം | പിടിഎ, ഹെഡ്മിസ്ട്രസ്സ്, | |

# പ്രവർത്തനം - 27

## ജീവ കാരുണ്യ പ്രവർത്തനം

### മേഖല- സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയം കാരുണ്യ പ്രവർത്തനങ്ങളിൽ പങ്കെടുക്കൽ | നിലവിൽ വിദ്യാലയത്തിൽ പ്രവർത്തിച്ച് വരുന്ന ചാരിറ്റബിൾ ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നു . | വർഷങ്ങളിൽ മൂന്നു പ്രാവശ്യം | പി.ടി.എ | |

# ഉപസംഹാരം

നൂറുവർഷം പിന്നിട്ട് ഒരുസമൂഹത്തിന്റെ വിവിധ മേഖലയില്ലുള്ള ആൾക്കാരെ ഉന്നതിയിലെക്കെത്തിക്കാൻ കഴിഞ്ഞു. എന്ന ചാരിദാർത്ഥ്യത്തോടുകൂടി ഇനിയും മുന്നോട്ടുള്ള യാത്രയിൽ വിദ്യാലയത്തിന് ഒരു പിടി വികസനങ്ങൾ ആവിശ്യമായിട്ടുണ്ട്. ഗമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകയും മാതൃകയും കാത്തുസൂക്ഷിക്കുന്നതിനും ഈ വികസനരേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.